**No. CEE/5500/2017/KEAM-2018/TA1**


കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001


# വിജ്ഞാപനം

# KEAM-2018

# ആയുർവേദ, ഹോമിയോപ്പതി, സിദ്ധ, യുനാനി എന്നീ കോഴ്സുകളിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് പുന:ക്രമീകരിച്ചു

2018-19 അദ്ധ്യയന വർഷത്തെ ആയുർവേദ, ഹോമിയോപ്പതി, സിദ്ധ, യുനാനി എന്നീ മെഡിക്കൽ കോഴ്സുകളിലെ പ്രവേശനത്തിന് നീറ്റ് (യു.ജി) 2018 പ്രവേശന പരീക്ഷയിലെ യോഗ്യതാ മാനദണ്ഡം ഭേദഗതി ചെയ്തുകൊണ്ട് കേന്ദ്ര ആയുഷ് മന്ത്രാലയം 01.11.2018 ന് സംസ്ഥാനങ്ങളെ അറിയിച്ചിരുന്നു. പുതുക്കിയ മാനദണ്ഡം പ്രകാരം മേല്പ്പറഞ്ഞ കോഴ്സുകളിൽ പ്രവേശനം നേടുന്നതിന് ജനറൽ വിഭാഗം വിദ്യാർത്ഥികൾ 35 പെർസന്റയിൽ, എസ്.സി/എസ്.ടി/ഒ.ബി.സി വിഭാഗം വിദ്യാർത്ഥികൾ 25 പെർസന്റയിൽ, ജനറൽ കാറ്റഗറിയിൽപ്പെട്ട ശാരീരിക അവശത വിഭാഗം വിദ്യാർത്ഥികൾ 30 പെർസന്റയിൽ, എസ്.സി/എസ്.ടി/ഒ.ബി.സി കാറ്റഗറിയിൽപ്പെട്ട ശാരീരിക അവശത വിഭാഗം വിദ്യാർത്ഥികൾ 25 പെർസന്റയിൽ എന്നിങ്ങനെ സ്കോർ നേടിയിരിക്കണം. പുതുക്കിയ യോഗ്യതാ മാനദണ്ഡമനുസരിച്ച് സംസ്ഥാനത്തെ ആയുർവേദ, ഹോമിയോ, സിദ്ധ, യുനാനി കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിന് യോഗ്യരായ വിദ്യാർത്ഥികളുടെ റാങ്ക് ലിസ്റ്റ് പുന:ക്രമീകരിച്ചിട്ടുണ്ട്. പുതുതായി യോഗ്യത നേടിയ വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **KEAM 2018-Candidate Portal** എന്ന ലിങ്കിലൂടെ പ്രവേശിച്ച് **'Data Sheet'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് അവരുടെ ഡാറ്റാഷീറ്റ് ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുക്കാവുന്നതാണ്. മേല്പ്പറഞ്ഞ കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനുള്ള അവസാന തീയതി 2018 നവംബർ 15 വരെയായി കേന്ദ്ര ആയുഷ് മന്ത്രാലയം ദീർഘിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിൽ പ്രവേശനം നേടുന്നതിന് വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട കോളേജുകളെ സമീപിക്കാവുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2332123, 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം

09.11.2018

**പ്രവേശന പരീക്ഷാ കമ്മീഷണർ**